ഉത്തരം

(എ) റദ്ദ് ചെയ്തിട്ടില്ല. 16-1-2002-ലെ ഉത്തരവിലെ നിയന്ത്രണങ്ങൾ പിൻവലിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) വിധിയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുന്നു.†

(സി) സർക്കാർ, ഹൈക്കോടതി മുമ്പാകെ ഇക്കാര്യത്തിൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(ഡി ആന്റ് ഇ) (സി) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ പുനഃസ്ഥാപിക്കപ്പെട്ട ആനുകൂല്യങ്ങൾ

31 [31] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2002 ജനുവരി 16-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ വരുത്തിയ കുറവുകളിൽ പുനഃപരിശോധന നടത്തിയോ;

(ബി) എങ്കിൽ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് ഏതൊക്കെ ഉത്തരവുകൾ സർക്കാർ ഇതുവരെ പുറപ്പെടുവിച്ചു; ഇതിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് ലഭിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് 19-6-2003-ൽ ജി.ഒ.(പി) നമ്പർ 328/03/ധന-യും 16-6-2004-ൽ ജി.ഒ.(പി) നമ്പർ 279/04/ധന-യും പുറപ്പെടുവിച്ചിട്ടുണ്ട്. 19-6-2003-ലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം ഭാഗികമായി പുനഃസ്ഥാപിക്കുകയും, പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഡി.എ.-യും മറ്റ് അലവൻസുകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷത്തിൽനിന്നും 12 വർഷമാക്കിയിട്ടുണ്ട്. 16-6-2004-ലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ട്.

പണിമുടക്ക് കാലം പരിഗണിക്കുന്ന രീതി

32 [32] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ജെ. ജോയി:
,, കെ. സി. ജോസഫ്:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം സർക്കാർ ജീവനക്കാരുടെ എന്തെല്ലാം ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് താൽക്കാലികമായി സസ്പെന്റ് ചെയ്തു;

(ബി) അവയിൽ എന്തെല്ലാം തിരിച്ചു നൽകിയെന്നും ഏറ്റവും ഒടുവിൽ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കു കാലം എപ്രകാരമാണ് പരിഗണിച്ചതെന്നും അത് അർഹതയുള്ള അവധിയായി കരുതുന്നകാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലീവ് സറണ്ടർ ആനുകൂല്യം, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ ഡി.എ., മറ്റ് അലവൻസുകൾ എന്നിവ താൽക്കാലികമായി സസ്പെന്റ് ചെയ്തിരുന്നു. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യുവിന്റെ ഡിസ്ക്കൗണ്ട് നിരക്ക് ഉയർത്തുകയും പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷമാക്കി ഉയർത്തുകയും ചെയ്തിരുന്നു.

(ബി) ലീവ് സറണ്ടർ ആനുകൂല്യവും, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ ഡി.എ.-യും മറ്റും അലവൻസുകളും പൂർണ്ണമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ, പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യുവിന്റെ ഡിസ്ക്കൗണ്ട് റേറ്റിൽ വരുത്തിയ വർദ്ധനവ് ഭാഗികമായി കുറയ്ക്കുകയും പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 12 വർഷമായി കുറച്ച് പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പണിമുടക്കുകാലം ഡയസ്നോൺ ആയിട്ടാണ് പരിഗണിച്ചിട്ടുള്ളത്. അർഹതയുള്ള അവധിയാക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

ജനസംഖ്യാ വർദ്ധനവിലെ അനുപാതം

33 [33] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ സെൻസസിനെ അപേക്ഷിച്ച് 2001-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തിലെ ജനസംഖ്യാ വർദ്ധനവിന്റെ തോത് എത്രയാണ്;

(ബി) ഓരോ ജില്ലയിലും ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly